**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4549** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിയോഗിച്ച ഗുലാത്തി കമ്മീഷൻ ഏത് തീയതിയിലാണ് വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ റ്റി ഐകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സ്ഥാപനം വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ആവശ്യങ്ങളും ശിപാർശയും വകുപ്പ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ റ്റി ഐകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സ്ഥാപനം വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി.ഐ. കളുടെ മാതൃകയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ. കളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി.ഐ കളുടെ മാതൃകയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ കളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വകുപ്പിലെ തെരഞ്ഞെടുത്ത ഐ.ടി.ഐ കളിൽ കോഴ്സ്, സ്റ്റാഫ് പാറ്റേൺ പരിഷ്കരണം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | ഉത്തര, ദക്ഷിണ മേഖല ട്രെയിനിങ് ഇൻസ്പെക്ടർ ഓഫീസുകളിലേയും വകുപ്പ് ഡയറക്ടറേറ്റിലെയും നാല് ടെക്നിക്കൽ തസ്തികകൾ നിർത്തലാക്കി അവ ക്ലറിക്കൽ തസ്തികകളാക്കി മാറ്റുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ | (ഡി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഉത്തര, ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസുകളിലേയും വകുപ്പ് ഡയറക്ടറേറ്റിലെയും ട്രെയിനിംഗ് ഇൻസ്ട്രക്ടർമാരുടെ മൂന്ന് ടെക്നിക്കൽ തസ്തികകൾ നിർത്തലാക്കി പകരം ക്ലറിക്കൽ തസ്തികകൾ സൃഷ്ടിയ്ക്കുന്നതിനും, ദക്ഷിണമേഖല |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ തന്നെ കുറവുള്ളപ്പോൾ പ്രസ്തുത ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | | ട്രെയിനിംഗ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ടെക്നിക്കൽ തസ്തികയായ അസിസ്റ്റന്റ് ട്രെയിനിംഗ് ഇൻസ്പെക്ടർ തസ്തിക നിർത്തലാക്കി പകരം സീനയർ സൂപ്രണ്ട് തസ്തിക സൃഷ്ടിയ്ക്കുന്നതിനും ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്മേൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഇ) | 2016-17 മുതൽ 2025 ഫെബ്രുവരി വരെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള എത്ര ഐ.ടി.ഐ. കൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; | (ഇ) | പട്ടിജാതി വികസന വകുപ്പിന്റെ കീഴിൽ ഉത്തരമേഖലയിൽ 2016-17 മുതൽ 2025 ഫെബ്രുവരി വരെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള 18 ഐ.ടി.ഐ കൾ നിലവിലുണ്ട്. |
| (എഫ്) | 2016-17 മുതൽ പട്ടികജാതി വികസന വകുപ്പിന്റെ ഏതെല്ലാം ഐ.ടി.ഐ. കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എഫ്) | കോഴിക്കോട് ജില്ലയിലെ എലത്തൂർ ഐ.ടി.ഐ യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ ട്രേഡുകളും, തൃശ്ശൂർ ജില്ലയിലെ വി.ആർ. പുരം ഐ.ടി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡും, പാലക്കാട് ജില്ലയിലെ മംഗലം ഐ.ടി.ഐ യിൽ സർവ്വേയർ ട്രേഡും, തിരുവനന്തപുരം ജില്ലയിലെ മരിയാപുരം ഐ ടി ഐയിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവ്വെയർ എന്നീ ട്രേഡുകളും, തിരുവനന്തപുരം ജില്ലയിലെ വർക്കല ഐ ടി ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്ന ട്രേഡും, പത്തനംതിട്ട ജില്ലയിലെ പന്തളം ഐ ടി ഐയിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിലെ മാവേലിക്കര ഐ ടി ഐയിൽ നിലവിലുണ്ടായിരുന്നതും കാലഹരണപ്പെട്ടതുമായ മെക്കാനിക് റേഡിയോ & ടെലിവിഷൻ (MRTV) എന്ന ട്രേഡ് നിർത്തലാക്കി പകരം ഇലക്ട്രോണിക്സ് മെക്കാനിക് എന്ന ട്രേഡും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ